**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3537** **27-06-2024 - ൽ മറുപടിയ്ക്ക്**

**പഴവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തുണ്ടായ അതിശക്തമായ വരൾച്ചയും തുടർന്നുണ്ടായ മഴയും കാരണം പഴവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തനത് പഴവർഗ്ഗങ്ങളുടെ ലഭ്യത ഇക്കാരണത്താൽ കുറഞ്ഞ സാഹചര്യത്തിൽ വിലവർദ്ധന ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഹോർട്ടികോർപ്പിന്റെ 78 സ്വന്തം സ്റ്റാളുകൾ, 192 ലൈസൻസി സ്റ്റാളുകൾ, 24 മൊബൈൽ യൂണിറ്റുകൾ, വി.എഫ്.പി.സി.കെ-യുടെ 63 തളിർ-ഗ്രീൻ ഔട്ട് ലൈറ്റുകൾ, 47 സസ്യ ഔട്ട് ലൈറ്റുകൾ, 2 തളിർ സൂപ്പർമാർക്കറ്റുകൾ, കൃഷി വകുപ്പ് വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള വിവിധ മാർക്കറ്റുകൾ, എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവ വഴി അതാതു പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തുണ്ടായ അതിശക്തമായ വരൾച്ചയും തുടർന്നുണ്ടായ മഴയും കാരണം പഴവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തനത് പഴവർഗ്ഗങ്ങളുടെ ലഭ്യത ഇക്കാരണത്താൽ കുറഞ്ഞ സാഹചര്യത്തിൽ വിലവർദ്ധന ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഹോർട്ടികോർപ്പിന്റെ 78 സ്വന്തം സ്റ്റാളുകൾ, 192 ലൈസൻസി സ്റ്റാളുകൾ, 24 മൊബൈൽ യൂണിറ്റുകൾ, വി.എഫ്.പി.സി.കെ-യുടെ 63 തളിർ-ഗ്രീൻ ഔട്ട് ലൈറ്റുകൾ, 47 സസ്യ ഔട്ട് ലൈറ്റുകൾ, 2 |

| | | | |
|---|---|---|---|
| | | | തളിർ സൂപ്പർമാർക്കറ്റുകൾ, കൃഷി വകുപ്പ് വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള വിവിധ മാർക്കറ്റുകൾ, എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവ വഴി അതാതു പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) | നിലവിൽ ദൈനംദിനം സംസ്ഥാനത്തിനാവശ്യമായ പഴവർഗ്ഗങ്ങളുടെ തോത് എത്രയെന്നും അവയിൽ എത്രത്തോളം സംസ്ഥാനത്ത് ഉല്പാദനം നടത്തുന്നുവെന്നും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതിന്റെ തോത് എത്രയെന്നും വ്യക്തമാക്കുമോ? | (സി) | നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ദൈനംദിനം 3500 മെട്രിക് ടൺ എന്ന തോതിൽ പ്രതിവർഷം 12.8 ലക്ഷം മെട്രിക് ടൺ പഴവർഗ്ഗങ്ങളാണ് ആവശ്യമായിട്ടുള്ളത്.<br><br>സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രധാനമായും കൃഷി ചെയ്തു വരുന്ന ഫലവർഗ്ഗ വിളകളായ വിവിധയിനം വാഴ, പൈനാപ്പിൾ, മാങ്ങ, ചക്ക, പപ്പായ എന്നിവയുടെ ഉൽപ്പാദനം 23.62 ലക്ഷം മെട്രിക് ടൺ ആണ്. ഇത് കേരളത്തിലെ ആഭ്യന്തര ഉപയോഗത്തോടൊപ്പം കയറ്റുമതിക്കും ഉപയോഗപ്പെടുന്നു.<br><br>ഇതോടൊപ്പം കേരളത്തിൽ ലഭ്യമല്ലാത്ത ഇനങ്ങളായ ആപ്പിൾ, ഓറഞ്ച്, മുന്തിരി ഉൾപ്പെടെയുള്ള വിവിധ ഇനം പഴവർഗ്ഗങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ വിപണികളിലേക്ക് ഇറക്കുമതി ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ